പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 32 — 30.11.2015-ൽ മറുപടിക്ക്.

# മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മോട്ടോർ ആക്സിഡെന്റ് ക്ലെയിം ട്രിബ്യൂണൽ (MACT) കേരളത്തിൽ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട് ; | (എ) എല്ലാ ജില്ലകളിലുമായി ആകെ 32 മോട്ടോർ ആക്സിഡെന്റ് ക്ലെയിം ട്രിബ്യൂണലുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കാസർഗോഡ്, ഇടുക്കി ജില്ലകളിൽ സ്വതന്ത്ര ട്രിബ്യൂണലുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ ഇവിടെ പ്രിൻസിപ്പൽ ജില്ലാ കോടതിയും ഫസ്റ്റ് അഡീഷണൽ ജില്ലാ കോടതിയും എം.എ.സി.ടി കോടതികളായി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഏതെങ്കിലും ജില്ലയിൽ ഒന്നിലധികം മോട്ടോർ ആക്സിഡെന്റ് ക്ലെയിം ട്രിബ്യൂണൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ; | (ബി) താഴെപ്പറയുന്ന ഒമ്പത് ജില്ലകളിൽ ഒന്നിൽ കൂടുതൽ എം.എ.സി.ടി പ്രവർത്തിക്കുന്നുണ്ട്.<br>1) തിരുവനന്തപുരം 2) കൊല്ലം 3) കോട്ടയം<br>4) എറണാകുളം 5) തൃശ്ശൂർ 6) പാലക്കാട് 7)മലപ്പുറം<br>8) കോഴിക്കോട് 9)കണ്ണൂർ |
| (സി) എം.എ.സി.ടി ഇല്ലാത്ത ജില്ലകൾ ഉണ്ടോ; പ്രസ്തുത ജില്ലകളിൽ ഇതുവരെ ആയത് ആരംഭിക്കാത്തത് എന്തുകൊണ്ടാണ്; എപ്പോൾ ആരംഭിക്കാൻ ആണ് ഉദ്ദേശിക്കുന്നത്? | (സി) കാസർഗോഡും, ഇടുക്കിയിലും സ്വതന്ത്ര എം.എ.സി.ടികൾ പ്രവർത്തിക്കുന്നില്ല. സ.ഉ (സാധാ) നമ്പർ 1159/12/ആഭ്യന്തരം തീയതി 17.04.2012 പ്രകാരം എം.എ.സി.ടി ആരംഭിക്കുന്നതിനുള്ള പരിഗണന പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പരിഗണന പട്ടികയിലെ ക്രമമനുസരിച്ചും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുമേ കോടതികൾ ആരംഭിക്കുന്നത് സാധ്യമാവൂ. |

Rema.V

സെക്ഷൻ ഓഫീസർ